# ലേൺ ദി ഖുർആൻ
# അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷ 2025

## സൂറത്തുകൾ (സ്വാഫ്ഫാത്ത്,യാസീൻ,ഫാതിർ,സബഅ്)

## ഉത്തര സൂചിക (ANS KEY)

1. അവിശ്വാസികളുടെ കഴുത്തുകളിൽ ആമങ്ങൾ മുന്നിലും പിന്നിലും തടയായി ഏർപ്പെടുത്തിയിരിക്കുന്നു എന്നതിന്റെ സാരം ?(യാസീൻ 8-9)
   A. പരലോകത്ത് വെച്ച് ആമങ്ങളും വിലങ്ങുകളും വെക്കുന്നതായിക്കും
   B. ഈ ലോകത്ത് അവിശ്വാസികൾ സ്വാതന്ത്രമില്ലാത്ത വിധം ആമം വെച്ചവരാണ്
   C. അവർക്ക് നോക്കാനും ചലിക്കാനും പറ്റാത്ത വിധം ബന്ധനസ്ഥരാണ്
   D. അവർ സത്യം കണ്ടെത്തുമെന്നോ അതിനെ കുറിച്ച് ചിന്തിക്കുമെന്നോ പ്രതീക്ഷയില്ല

2. താക്കീത് കിട്ടിയാലും ഫലമുണ്ടാകാത്തവർ ആരാണ് ? (യാസീൻ 11)
   A. അല്ലാഹുവിനെ ഭയപ്പെടുന്നവർ
   B. പ്രബോധനത്തെ പിന്തുടരുന്നവർ
   C. പരലോകത്തെ പ്രതീക്ഷിക്കുന്നവർ
   D. ഭയഭക്തിയും അനുസരണവുമില്ലാത്തവർ

3. മരണപ്പെട്ടവരുടെ അവശിഷ്ടങ്ങളും കർമ്മഫലങ്ങളും സൂക്ഷിച്ചു വെച്ചിട്ടുള്ള മൂലരേഖയ്ക്ക് സൂറത്ത് യാസീനിൽ പറഞ്ഞ പേരെന്ത് ?
   A. ബലാഹുൽ മുബീൻ
   B. ലൗഹുൽ മഹ്ഫൂള്
   C. കിതാബുൽ മുബീൻ
   D. ഇമാമുൻ മുബീൻ

4. അന്താക്കിയക്കാരോട് " എന്റെ ജനങ്ങളെ നിങ്ങൾ ദൂതന്മാരെ പിൻപറ്റുവിൻ" എന്ന് പറഞ്ഞ ആൾ ദൂതന്മാരെ വിശേഷിപ്പിച്ചത് എന്താണ് ?
   A. കൂലി ചോദിക്കാത്ത സന്മാർഗ്ഗികൾ
   B. പ്രതിഫലം ചോദിക്കുന്ന പ്രബോധകന്മാർ
   C. സംഭാവന ചോദിച്ച് വരുന്നവർ
   D. പ്രതിഫലം ചോദിക്കാത്ത എല്ലാ മുസ്ലിംകളും

5. പ്രവാചകന്മാരുടെ പ്രബോധനത്തെ ധിക്കരിച്ചവർ ആരോപിക്കുന്ന ദുശ്ശകുനത്തിന് കാരണം എന്താണ് ?(യാസീൻ 19)
   A. അനാചാരം
   B. അന്ധ വിശ്വാസം
   C. അഹങ്കാരം
   D. അതിരുകവിയൽ

6. അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിന് ന്യായമായി ഉദ്ധരിച്ച കാര്യങ്ങൾ പട്ടണത്തിന്റെ അങ്ങേ അറ്റത്ത് നിന്ന് ഓടി വന്ന ആൾ പറയുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ച് പറയാത്ത കാര്യം ഏത് ?(യാസീൻ)
   A. മറ്റുള്ളവരുടെ ഒരു ശുപാർശയും ഉപകാരപ്പെടില്ല
   B. എന്നെ സൃഷ്ടിച്ചവൻ എന്റെ അല്ലാഹുവാണ്
   C. അല്ലാഹുവിലേക്കാണ് ഞാൻ മടങ്ങേണ്ടത്
   D. അല്ലാഹുവിൽ പങ്ക് ചേർത്താൽ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല

7. സൂറത്ത് യാസീനിൽ പറഞ്ഞ ജനതയെ ഘോരശബ്ദം കൊണ്ട് ശിക്ഷിച്ചതിന്റെ കാരണമെന്ത് ?
   A. ദൂതന്മാരെ പരിഹസിച്ചത്
   B. ബിംബങ്ങളെ ആരാധിച്ചത്
   C. പരലോകം നിഷേധിച്ചത്
   D. പ്രവാചകന്മാരെ വധിച്ചത്

8. നിർജീവമായ ഭൂമിയെ ജീവിപ്പിച്ചതും അതിൽ നിന്ന് ഉൽപാദിപ്പിച്ച ധാന്യം ഭക്ഷിപ്പിക്കുകയും ചെയ്തത് എന്തിനു വേണ്ടി? ( യാസീൻ 33)
   A. ഭൂമിയിലുള്ളവർക്ക് സൗഖ്യം നൽകുന്നതിന്
   B. ഭൂമി വാസ യോഗ്യം ആക്കുന്നതിന്
   C. മനുഷ്യ വംശത്തിന്റെ ജീവിത മാർഗ്ഗത്തിന്
   D. മനുഷ്യർക്ക് ദൃഷ്ടാന്തമായും ഭക്ഷിക്കാനും നന്ദി കാണിക്കുവാനും

9. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിരവധി വിവരിച്ചിട്ടുള്ള സൂറത്തു യാസീനിൽ പരാമർശിച്ചിട്ടില്ലാത്ത ദൃഷ്ടാന്തം ഏത് കൂട്ടത്തിലാണ് താഴെ കൊടുത്തിട്ടുള്ളത് ?
   A. കപ്പൽ, മാറ്റുവാഹനങ്ങൾ, സൃഷ്ടികളിലെ ഇണകൾ
   B. രാത്രിയിൽ നിന്ന് ഊരുന്ന പകൽ, നിർജീവമായ ഭൂമിയെ ജീവിപ്പിച്ചത്
   C. താവളത്തിലേക്ക് ചരിക്കുന്ന സൂര്യൻ, സഞ്ചാര മണ്ഡലങ്ങളിൽ നീന്തുന്ന ഗ്രഹങ്ങൾ
   D. പർവതങ്ങൾ, പച്ച മരത്തിൽ നിന്ന് തീ സൃഷ്ടിച്ചത്,മൃഗങ്ങളുടെ സൃഷ്ടി, മനുഷ്യ സൃഷ്ടി

10. താക്കീതുകാരൻ വന്നിട്ടില്ലാത്ത ജനത ഏത് എന്നാണ് സൂറത്ത് യാസീനിൽ പറഞ്ഞത് ?
   A. മരുഭൂമി നിവാസികൾ
   B. കാട്ട് ജാതിക്കാർ
   C. യൂറോപ്യന്മാർ
   D. വേദക്കാരല്ലാത്ത അറബികൾ

11. മലക്കുകളുടെ ചിറകുകൾ രണ്ടു മൂന്നു നാലുമായുള്ള വർദ്ധനവ് എന്തിനെയാണ് എടുത്ത് കാട്ടുന്നത് എന്നാണ് വിവരണം പറയുന്നത്?
   A. വലിപ്പ - നിറ വ്യത്യാസം
   B. രൂപ - സ്ഥാന വ്യത്യാസം
   C. അധികാര - ശക്തി വ്യത്യാസം
   D. അല്ലാഹുവിനോടുള്ള അടുപ്പവും അകൽച്ചയും

12. "ഫാതിർ" എന്ന പദം അർത്ഥം എന്തിനെ കുറിക്കുന്നു ?
   A. മലക്കുകൾ
   B. ദൂതന്മാർ
   C. നൂതനമായി സൃഷ്ടിച്ചവൻ
   D. രക്ഷിതാവ്

13. ഫാതിർ എന്ന അദ്ധ്യായത്തിന്റെ മറ്റൊരു പേര് ?
   A. ഫാതിഹ
   B. മലാഇക്ക
   C. ഖാലിഖ്
   D. ബാരിഅ

14. اللَّهُمَّ لا مَانِعَ لِما أعْطَيْتَ، ولَا مُعْطِيَ لِما مَنَعْتَ، ولَا يَنْفَعُ ذَا الجَدِّ مِنْكَ الجَدُّ
"അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്തയ്ത വലാ മുഅ്തിയ ലിമാ മനഅ്ത ...........എന്ന പ്രാർത്ഥന നബി (സ) പ്രാർത്ഥിച്ചിരിക്കുന്നത് എപ്പോഴായിരുന്നു ?

A. സഫാ മർവയിൽ കയറുമ്പോൾ
B. അറഫയിൽ നിൽക്കുമ്പോൾ
C. നമസ്കാരത്തിലും പുറത്തും
D. മക്കാമു ഇബ്രാഹീമിന്റെ പിറകിൽ

15. "لا إله إلا الله" "അല്ലാഹുവല്ലാതെ ആരാധ്യനില്ല" എന്നതിന് വ്യക്തമായ തെളിവ് പഠിപ്പിക്കാൻ സൂറത്തു ഫാതിറിൽ ചോദിക്കുന്ന ചോദ്യമെന്ത് ?

A. ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിച്ച വേറെ ദൈവങ്ങളുണ്ടോ ?
B. സമുദ്ര ജലവും ശുദ്ധ ജലാശയവും സമമാകുമോ ?
C. ആകാശ ഭൂമികളിൽ നിന്ന് ഉപജീവനം നൽകുന്ന വല്ല സൃഷ്ടാവും വേറെയുണ്ടോ?
D. അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ഇറക്കിയത് നീ കണ്ടില്ലേ ?

16. വസ്തുതകൾ വസ്തുക്കളായി രൂപാന്തരപ്പെടുന്ന ലോകമേതാണ്?

A. ആത്മീയ ലോകം
B. ഭൗതിക ലോകം
C. അഭൗതിക ലോകം
D. ഇഹലോകം

17. ആയുസ്സ് നൽകപ്പെടുന്നതും കുറക്കപ്പെടുന്നതുമായ കാര്യങ്ങൾ രേഖപ്പെടുത്തിയത് സൂറത്ത് ഫാതിറിൽ പറഞ്ഞത് എവിടെ എന്നാണ് ?

A. കിതാബ്
B. ലൗഹ്
C. മഹ്ഫൂള്
D. അസാസ്

18. അല്ലാഹുവിന്റെ അറിവില്ലാതെ ഗർഭധാരണവും പ്രസവവുമില്ല, മണ്ണിൽ നിന്നും പിന്നെ ഇന്ദ്രിയ തുള്ളിയിൽ നിന്നും പിന്നെ ഇണകളുമാക്കിയ സൃഷ്ടിയെ വിശദമായി വിവരിച്ചതിന്റെ ഒടുവിലെ വചനം മനസ്സിരുത്തി ചിന്തിക്കേണ്ടത് ആരാണ് ? വിവരണത്തിൽ പറയുന്നതേത് ? (ഫാതിർ 11 )

A. അല്ലാഹുവിന് മൊത്തം അറിവേ ഉള്ളു എന്ന് ധരിക്കുന്നവർ
B. അല്ലാഹുവിന്റെ അറിവിനെ കുറിച്ച് വിവരമില്ലാത്തവർ
C. അല്ലാഹുവിനെ മനസ്സിലാക്കേണ്ട വിധം മനസ്സിലാകാത്തവർ
D. ബുദ്ധിയും വിശ്വാസവും ഉള്ളവർ

19. "ഉപ്പ് നിറഞ്ഞ കൈപ്പു രസത്തിന്റെ ജലവും സ്വച്ഛ ജലവും സമമാകില്ല" തുടർന്ന് സമമായത് എന്താണെന്നാണ് ആയത്തിൽ പറയുന്നത് .

A. രണ്ടിലുമുള്ള പുതു മാംസം
B. രണ്ടിലുമുള്ള സസ്യങ്ങൾ
C. രണ്ടിലുമുള്ള ജീവികൾ
D. രണ്ടിലുമുള്ള കപ്പലുകൾ

20. മനുഷ്യരും അല്ലാഹുവും തമ്മിലെ ഏത് വ്യത്യാസമാണ് (ഫാതിർ 15 ) വ്യക്തമാക്കുന്നത്?
  A. ആശ്രയിക്കുന്നവരും നിരാശ്രയനും
  B. സൃഷ്ടിക്കപ്പെട്ടവരും സൃഷ്ടാവും
  C. അന്നം കഴിക്കുന്നവരും അന്ന ദാതാവും
  D. മരിക്കുന്നവരും മരിപ്പിക്കുന്നവനും

21. സൂറത്തു സ്വാഫാത്തിന്റെ പ്രാരംഭത്തിൽ സത്യം ചെയ്തു പറഞ്ഞ മൂന്ന് കാര്യങ്ങളും ആരെ കുറിച്ചെന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളും പറഞ്ഞത് ?
  A. മലക്കുകൾ
  B. ജിന്നുകൾ
  C. മനുഷ്യർ
  D. സത്യവിശ്വാസികൾ

22. നമുക്ക് എടുത്ത് സത്യം ചെയ്യാൻ പാടുള്ളത് ഏതിനെ കൊണ്ടാണ് ?
  A. മാതാപിതാക്കൾ
  B. പള്ളികൾ
  C. മക്കൾ
  D. അല്ലാഹു

23. മലക്കുകളെ സത്യം ചെയ്തു കൊണ്ട് സൂറത്തു സ്വാഫാത്തിൽ അല്ലാഹു ദൃഢപ്പെടുത്തിയിരിക്കുന്നത് ഏത് വിഷയമാണ്?

  A. തൗഹീദ്
  B. രിസാലത്ത്
  C. ആഖിറത്ത്
  D. ആയാത്ത്

24. “മലഉൽ-അഅ്.ലയിലേക്ക് അവർ ചെവി കൊടുത്ത് കേൾക്കുകയില്ല” ആരെ കുറിച്ചാണ് "അവർ" എന്ന് തഫ്സീറിൽ പറഞ്ഞത്? (സാഫാത്ത് 8 )
  A. മലക്കുകൾ
  B. ജിന്നുകൾ
  C. ശൈത്താനുകൾ
  D. മുരട്ടു ശീലക്കാരായ പിശാചുക്കൾ

25. ആകാശത്തിന് അലങ്കാരമായും പിശാചുക്കളെ എറിയുന്നതിനും മാർഗ്ഗ ദർശനത്തിന് അടയാളങ്ങളുമാക്കിയിരിക്കുന്നത് എന്തിനെയാണ് ? (സാഫാത്ത്6,7)
  A. സൂര്യൻ
  B. ചന്ദ്രൻ
  C. മലക്കുകൾ
  D. നക്ഷത്രം

26. شهاب (ശിഹാബ്) എന്ന വാക്കിന്റെ അർത്ഥത്തിൽപെടാത്തത് ഏത് വിഭാഗത്തിൽ ?
  A. തീജ്വാല, ജ്യോതിസ്സ്,വീഴ്നക്ഷത്രം
  B. കൊള്ളി മീൻ, ബാണനക്ഷത്രം
  C. കുന്തമുന,ചാട്ടുളി,തീനാളം
  D. വിശാഖം,അശ്വതി,കാർത്തിക

27. പിശാച് വാർത്ത കട്ട് കേൾക്കുമെന്ന് പറഞ്ഞതും  അവരെ തുരത്തി വിടുന്നതും എങ്ങിനെയായിരിക്കും ?
   A. പിശാചിന്റെ ശക്തിയും കുതന്ത്രവും കൊണ്ട്
   B. നമുക്കറിയില്ല;അല്ലാഹുവും റസൂലും പറഞ്ഞത് അപ്പടി വിശ്വസിക്കുക
   C. അല്ലാഹുവിന്റെ സഹായം കൊണ്ട്
   D. മലക്കുകളുടെ സഹകരണം കാരണം

28. ഒരു അടിയാന്റെ കാലടികൾ (വിചാരണ വേളയിൽ ) അവൻ ചോദ്യം ചെയ്യപ്പെടാതെ നീങ്ങുകയില്ല !
എന്ന തിർമുദി ഉദ്ധരിച്ച ഹദീസ് പ്രകാരം ചോദ്യം ചെയ്യുന്ന കാര്യങ്ങളിൽ തെറ്റായി വന്നത് ഏത് ?
   A. ആയുഷ്കാലം
   B. അറിവ്
   C. ശരീരം
   D. തൊഴിൽ

29. "നിങ്ങൾ ഞങ്ങളുടെ അടുക്കൽ വലതു വശത്തുകൂടി വന്നിരുന്നുവല്ലോ" (സാഫാത്ത് 28 ) വലതു വശത്തുകൂടി വരിക എന്നതിന്റെ താല്പര്യമെന്ത്?
   A. ഇടത് വശത്ത് കൂടി വരാതിരിക്കുക
   B. വലതിനെ മുന്തിച്ചതിനാൽ അവർ നല്ലവരായിരുന്നു
   C. ശക്തിയായും അധികാര സ്വരത്തിലും  വഴി പിഴപ്പിക്കുവാൻ ചെല്ലുക
   D. ശക്തിയായ അധികാര സ്വരത്തിലും സന്മാർഗത്തിലാക്കാൻ ചെല്ലുക

30. "ഞങ്ങൾക്ക് നിങ്ങളുടെ മേൽ യാതൊരധികാരശക്തിയുമുണ്ടായിരുന്നില്ല " (സാഫ്ഫാത്ത്:30) ആര് ആരോട് പറഞ്ഞതാണിത് ?
   A. അല്ലാഹു അക്രമികളോട്
   B. അക്രമികൾ ഇണകളോട്
   C. നേതാക്കൾ അനുയായികളോട്
   D. അവിശ്വാസികൾ വിശ്വാസികളോട്

31. പുനരുത്ഥാനത്തെ സംബന്ധിച്ച് പരിഹാസപൂർവ്വം നിഷേധിക്കുന്നവരോട്  ആണയിട്ട് സത്യം ചെയ്തു കൊണ്ട് പറയുന്ന മൂന്ന് ആയത്തുകൾ ഏതെല്ലാം സൂറത്തുകളിലാണ്?
   A. ഫാതിർ,യാസീൻ,സബഅ്
   B. സബഅ്,യൂനുസ്, തഗാബുൻ
   C. യൂനുസ്,ഫാതിർ,തഗാബുൻ
   D. സബഅ്,ഫാതിർ,ഫാതിഹ

32. അല്ലാഹുവിനെ പരാജയപ്പെടുത്താൻ  ശ്രമിക്കുന്നവരായിക്കൊണ്ട് ആയത്തുകളിൽ പരിശ്രമം നടത്തിയിട്ടുള്ളവർക്ക് അല്ലാഹു ആയത്തുകളിലൂടെ മുന്നറിയിപ്പ് നൽകുന്ന ശിക്ഷ എന്ത്?(സബഅ് 5)
   A. കത്തിക്കാളുന്ന നരക ശിക്ഷ
   B. വേദനയേറിയ കഠിന ദണ്ഡനയാകുന്ന ശിക്ഷ
   C. ഭയങ്കരമായ ശിക്ഷ
   D. ഏറ്റവും വലിയ ശിക്ഷ

33. "...നിന്റെ രക്ഷിതാവിൽ നിന്ന് നിനക്ക് ഇറക്കപ്പെട്ടിട്ടുള്ളത് തന്നെയാണ് യാഥാർത്ഥ്യം എന്നറിയുന്നവർ" അറിവ് നൽകപ്പെട്ടിട്ടുള്ളവർ എന്ന് വിശദീകരിച്ചത് ആരെ പറ്റിയാണ്? (സബഅ് 6)

A. മതകാര്യങ്ങളെക്കുറിച്ച് അറിയുന്നവർ
B. ഭൗതിക വിഷയങ്ങൾ പഠിച്ചറിഞ്ഞവർ
C. സാമ്പത്തിക കാര്യങ്ങളിലെ വിദഗ്ദ്ധർ
D. എല്ലാ മത കാര്യങ്ങളും വേദ ഗ്രന്ഥങ്ങളും അറിയുന്നവർ

34. ഇരുമ്പ് മയപ്പെടുത്തിക്കൊടുത്തത് ഏത് പ്രവാചകന് ആയിരുന്നു ?
   A. മുഹമ്മദ് നബി (സ)
   B. ദാവൂദ് നബി (അ)
   C. സുലൈമാൻ നബി (അ)
   D. നൂഹ് നബി (അ)

35. ദാവൂദ് നബി (അ)ന് നൽകപ്പെട്ട ശ്രേഷ്ഠതകൾ ഏതെല്ലാം ?
   A. കുഷ്ഠ രോഗം സുഖപ്പെടുത്തുക,മരിച്ചവരെ ജീവിപ്പിക്കുക
   B. പക്ഷികളും പർവ്വതങ്ങളും നബിയോടൊപ്പം തസ്ബീഹ് ചൊല്ലുക
   C. വടി പാമ്പാക്കുക, കൈ ഉയർത്തിയാൽ പ്രകാശിക്കുക
   D. വെള്ളപ്പാണ്ട് സുഖപ്പെടുത്തുക, ഭക്ഷണം വർധിപ്പിക്കുക

36. കാറ്റിനെ വാഹനമാക്കി കീഴ്പെടുത്തപ്പെട്ട പ്രവാചകൻ ആര്?
   A. ദാവൂദ് (അ)
   B. ഇബ്രാഹീം (അ)
   C. സുലൈമാൻ (അ)
   D. മൂസ നബി (അ)

37. “ദാവൂദിന്റെ കുടുംബത്തോട് നന്ദിയുള്ളവരാകാൻ കൽപിക്കുന്നു” (സബഅ്) കാരണമെന്ത്?
   A. ജിന്നുകൾ സുലൈമാൻ നബിക്ക് വേണ്ടി പണി തീർത്ത രാജകീയ നിർമ്മിതികൾ
   B. ജിന്നുകൾ ദാവൂദ് നബിക്ക് വേണ്ടി പണി തീർത്ത യുദ്ധ സാമഗ്രികൾ
   C. ജിന്നുകൾ സമുദ്രത്തിൽ നിന്ന് മുങ്ങിയെടുത്ത നിധികളും ഖനികളും
   D. ജിന്നുകൾ നിമിഷ നേരം കൊണ്ട് എത്തിച്ച ബിൽഖീസിന്റെ സിംഹാസനം

38. തൃപ്തിയിലും കോപത്തിലും നീതി പാലനം, ദാരിദ്രത്തിലും ധനത്തിലും മിതപാലനം, രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ ഭയം ഈ ഗുണങ്ങൾ ഏത് പ്രവാചക കുടുംബത്തിന് നൽകപ്പെട്ടതാണ് എന്നാണ് നബി (സ) പറഞ്ഞത് ?
   A. ദാവൂദ് നബി (അ)
   B. യൂസുഫ് നബി (അ)
   C. യഅ്ഖൂബ് നബി (അ)
   D. മുഹമ്മദ് നബി (സ)

39. "ഞാൻ നന്ദിയുള്ള ഒരു അടിയനായിരിക്കേണ്ടതല്ലേ ? നബി (സ) യുടെ ഈ വാക്കുകൾക്ക് കാരണമായ കർമ്മം ഏതായിരുന്നു?
   A. സുദീർഘമായ നമസ്കാരം
   B. ദാരിദ്രം ഭയപ്പെടാത്ത ധർമ്മം
   C. അത്താഴമില്ലാത്ത നോമ്പ്
   D. ശരീരം മറന്ന ജിഹാദ്

40. ആരുടെ മരണ വാർത്തയാണ് ആദ്യമായി ചിതലുകൾ മാത്രം അറിഞ്ഞത് ?
   A. സുലൈമാൻ നബി (അ)
   B. യൂനുസ് നബി (അ)
   C. ദാവൂദ് നബി (അ)
   D. ഇബ്രാഹീം നബി (അ)

41. മനുഷ്യനെ അങ്ങേ അറ്റം അധമനും നികൃഷ്ടനുമാക്കുന്ന കാരണങ്ങളിൽ ഉൾപ്പെടാത്ത കാര്യമേത് ?

A. യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുവാണെന്ന ചിന്തയില്ലായ്മ
B. പരിശുദ്ധനാണ് അല്ലാഹു എന്ന ബോധമില്ലായ്മ
C. അല്ലാഹു നല്ലതും ചീത്തയും കാണുമെന്ന അറിവില്ലായ്മ
D. അല്ലാഹുവിലേക്കാണ് മടങ്ങേണ്ടതെന്ന ഓർമ്മയില്ലായ്മ

42. "كن فيكون" എന്ന് പറയുമ്പോൾ ഉണ്ടാകുന്ന കാര്യം എന്താണെന്നാണ് വിവരണത്തിൽ പറയുന്നത് ?

A. കൊച്ചു കൊച്ചു കാര്യങ്ങൾ മാത്രം
B. അസാധാരണ സംഭവങ്ങൾ മാത്രം
C. പ്രപഞ്ച സൃഷ്ടിയുടെ ഭാഗങ്ങൾ എല്ലാം
D. എത്ര "വമ്പിച്ചത്" ആയിരുന്നാലും

43. "ആകാശ ഭൂമികളെ പോലെ മറ്റ് ഒന്നുണ്ടാക്കാൻ മഹാ സൃഷ്ടാവ് കഴിവുള്ളവനും സർവ്വജ്ഞനുമാണ്."എന്ന ഉത്തരത്തിന് അല്ലാഹു എന്ന് ചോദിക്കുന്ന ചോദ്യമെന്ത്?

A. അല്ലാഹുവിന് സർവ്വ സൃഷ്ടിക്കും സാധ്യമാകുമോ ?
B. അല്ലാഹുവല്ലാത്ത സർവ്വതും സൃഷ്ടിക്കുവാൻ കഴിവുള്ളവർ ആരുണ്ട് ?
C. അല്ലാഹുവിന് അവയെപ്പോലെയുള്ള സൃഷ്ടികഴിയുകയില്ലല്ലോ ?
D. അല്ലാഹുവിന് അവരെ പോലെയുള്ളതിനെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലയോ?

44. അറബികൾ ഉരസി തീയുണ്ടാക്കാൻ ഉപയോഗിച്ച ഒരു മരത്തിന്റെ പേരെന്താണ് ?

A. العفّار
B. غفّار
C. فخّار
D. فعّال

45. "അവൻ (വേണമെന്ന്) ഉദ്ദേശിക്കുന്ന പക്ഷം ,നിങ്ങളെ പോക്കി നശിപ്പിച്ചു കളയുകയും,ഒരു പുതിയ സൃഷ്ടിയെ കൊണ്ട് വരികയും ചെയ്യുന്നതാണ് . നശിപ്പിക്കുമെന്ന് പറഞ്ഞവർ ചെയ്ത കുറ്റമെന്താണ്? (ഫാതിർ 16)

A. നിരീശ്വര നിർമ്മിത വാദങ്ങൾ
B. ശിർക്കും ദൈവ നിഷേധവും
C. മദ്യപാനവും വ്യഭിചാരവും കൊലപാതകങ്ങളും
D. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും

46. പരലോകത്ത് വെച്ച് ഒരാളുടെ പാപഭാരത്തിൽ ചെറിയൊരു പങ്ക് വഹിക്കാൻ പറഞ്ഞാൽ അവിടെ സഹായമായി വരുന്നത് ആരായിരിക്കും ?

A. ഭാര്യക്ക് ഭർത്താവ് അഥവാ ഭർത്താവിന് ഭാര്യ
B. ഉമ്മയ്ക്ക് മക്കൾ അഥവാ സന്തതികൾ മാതാവിന്
C. ഉറ്റ സുഹൃത്തുക്കൾക്ക് ബന്ധു മിത്രങ്ങളും പാർട്ടി സഹ പ്രവർത്തകരും
D. ആരുമില്ല; എല്ലാവരും മതിയായ കാര്യം ഉള്ളവരാണ്

47. നബി (സ) യുടെ ജോലി എന്ത് മാത്രം എന്നാണ് (ഫാതിർ 23 ) പറഞ്ഞത് ?

A. സന്തോഷ വാർത്ത അറിയിക്കുന്നവൻ
B. പ്രബോധനം നിർവഹിക്കുന്നവൻ
C. താക്കീത് നൽകുന്നവൻ
D. ശുപാർശ ചെയ്യുന്നവൻ

48. നബിമാർക്ക് അല്ലാഹു നൽകിയ മൂന്ന് തരം ലക്ഷ്യങ്ങൾ ഫാതിറിന്റെ തഫ്സീറിൽ പരാമർശിക്കാത്തത് ഏത് ?

A. ബുദ്ധി കൊണ്ട് കണ്ടെത്താവുന്ന യുക്തി ന്യായങ്ങൾ, അമാനുഷിക ദൃഷ്ടാന്തങ്ങൾ
B. ഏടുകൾ അഥവാ പ്രവാചകന്മാർക്ക് ലഭിച്ച ഏടുകൾ
C. തൗറാത്ത് ഇഞ്ചീൽ പോലുള്ള വേദ ഗ്രന്ഥങ്ങൾ
D. ഒരു കാലത്തും മാറ്റം ആവശ്യമില്ലാത്ത ശരീഅത്ത് നിയമങ്ങൾ

49. ഈസ നബി(അയെക്കുറിച്ച് ശരിയായ പരാമർശം ഏത്?

A. ഈസാ നബി (അ) ക്രൂശിക്കപ്പെട്ടു
B. ഈസാ നബി (അ) ഉയർത്തപ്പെട്ടു
C. ഈസാ നബി (അ) മരണപ്പെട്ടു
D. ഈസാ നബി (അ) ജീവിക്കുന്നതിന് തെളിവില്ല

50. പരലോകത്ത് വെച്ച് അല്ലാഹു അക്രമികളോട് "നിങ്ങൾക്കെന്താണ്, നിങ്ങൾ അന്യോന്യം സഹായിക്കുന്നില്ലേ ?" എന്ന് ചോദിക്കുന്നത് എന്തിന് വേണ്ടി?

A. മറുപടി പ്രതീക്ഷിച്ച് കൊണ്ട്
B. അവരെ നിന്ദിക്കാൻ
C. ഇല്ലെങ്കിൽ സഹായിക്കാൻ
D. നിങ്ങൾക്ക് എന്ത് പറ്റി എന്നറിയാൻ

51. لا إله إلا الله ""ലാഇലാഹ ഇല്ലല്ലാഹ്"" എന്ന് പറയപ്പെട്ടാൽ കുറ്റവാളികളുടെ പ്രതികരണം എങ്ങിനെ ആയിരുന്നു പ്രകടിപ്പിച്ചത് ?

A. താഴ്മയിലൂടെ
B. സമ്മത പ്രകടനത്തിലൂടെ
C. അഹംഭാവത്തിലൂടെ
D. നിഷ്കളങ്കരായി കൊണ്ട്

52. "അല്ലാഹു വല്ലാതെ ഒരു ആരാധ്യനുമില്ല എന്ന് പറയപ്പെട്ടാൽ കുറ്റവാളികളുടെ മറുപടി ഏതായിരുന്നു" (സ്വാഫ്ഫാത്ത്)

A. എങ്കിൽ ശരി; നമുക്ക് അല്ലാഹുവിനെ മാത്രം ആരാധിക്കാം
B. ഞങ്ങൾ എല്ലാം അല്ലാഹുവിന് സമർപ്പിച്ചിരിക്കുന്നു
C. ഒരു ഭ്രാന്തനായ കവിക്ക് വേണ്ടി നാം നമ്മുടെ ആരാധ്യ വസ്തുക്കളെ ഉപേക്ഷിക്കുന്നവരാണോ ?
D. മക്കയിൽ പ്രതിഷ്ഠിച്ച എല്ലാ പ്രതിമകളും ഞങ്ങളുടെ ആരാധ്യർ ആണ്

53. അല്ലാഹുവിന്റെ കളങ്കരഹിതരാക്കപ്പെട്ട അടിയാന്മാർക്ക് സ്വർഗത്തിൽ നൽകപ്പെടുന്ന കാര്യങ്ങൾ സൂറത്ത് സ്വാഫ്ഫാത്തിൽ പറഞ്ഞിട്ടില്ലാത്തത് ഏത് ?

A. നിറകോപ്പകൾ
B. സുന്ദരികൾ
C. പഴ വർഗ്ഗങ്ങൾ
D. അരുവികൾ

54. "സക്കൂം" എന്ന വൃക്ഷം എവിടെയാണ് ?

A. മക്കയിൽ
B. മദീനയിൽ
C. ഹുദൈബിയ്യയിൽ
D. നരകത്തിൽ

55. دابة الارض എന്ന ജീവി ഏതാണെന്നാണ് സൂറ: സബഇൽ വ്യക്തമാക്കുന്നത് ?

A. ലോകാവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന ജന്തു
B. ഭൂമിയിലൂടെ സഞ്ചരിക്കുന്ന ഉരഗങ്ങൾ
C. ഉറുമ്പ്
D. ചിതൽ

56. സബഅ് ഗോത്രത്തിന് നൽകിയ ശിക്ഷ എന്തായിരുന്നു?

A. കൊടുങ്കാറ്റ്
B. മല വെള്ളം
C. ചരൽ വർഷം
D. തീ മഴ

57. "ശുപാർശ"യെ സംബന്ധിച്ച് ശിർക്കിന്റെ ആളുകളുടെ വിശ്വാസം എന്താണ് എന്നാണ് വിവരണത്തിൽ പറഞ്ഞത് ഏത് ?

A. അല്ലാഹു തൃപ്തിപ്പെട്ടവർക്കല്ലാതെ മലക്കുകൾ ശുപാർശ ചെയ്യുകയില്ല
B. മഹാത്മാക്കൾക്കും ആരാധ്യ വസ്തുക്കൾക്കും ശുപാർശ മൂലം ഉദ്ദേശ്യം സാധിപ്പിക്കാം
C. നബി (സ) ക്ക് പോലും പ്രത്യേകം സ്തോത്ര കീർത്തനവും സുജൂദും കഴിഞ്ഞേ അനുമതി ലഭിക്കൂ
D. പ്രവാചകന്മാർ അഖിലവും ഖിയാമത്ത് നാളിൽ അതിനർഹർ അല്ലെന്ന് സ്വയം പറയും

58. അല്ലാഹുവിന് സമന്മാരെ സങ്കൽപ്പിക്കുന്ന മുശ്‌രിക്കുകൾക്ക് അല്ലാഹുവിന്റെ ശക്തി മാഹാത്മ്യം അല്പം പോലും അവകാശപ്പെടാൻ ഇല്ല! ഉണ്ടെങ്കിൽ അതൊന്ന് കാണട്ടെ ! എന്ന വെല്ലു വിളി ഉയർത്തുന്ന സബഅ് 24,25,26,27 വചനങ്ങളുടെ സന്ദേശം ഏതാണ് ?

A. തൗഹീദ്
B. രിസാലത്
C. ആഖിറത്ത്
D. ഖുർആൻ

59. മുഹമ്മദ് നബി (സ) യെ കുറിച്ച് അധികം ആളുകൾക്കും അറിയില്ല എന്ന് പറഞ്ഞ സൂറത്ത് സബഇലെ പ്രഖ്യാപനം ഏത് വിഷയത്തിലാണ്

A. മുഹമ്മദ് നബി (സ) പ്രവാചകൻ എന്ന കാര്യം
B. അല്ലാഹുവാണ് നബി (സ)യെ നിയോഗിച്ചത് എന്ന കാര്യം
C. മനുഷ്യരിലേക്ക് ആകമാനം നിയോഗിതനാണ് എന്ന കാര്യം
D. മുഹമ്മദ് നബി അല്ലാഹുവിന്റെ അടിമയാണെന്ന കാര്യം

60. പിശാചുക്കളുടെ തല പോലെ എന്ന് ഖുർആൻ ഉപമിച്ചത് എന്തിനെയാണ് ?

A. സക്കൂം വൃക്ഷം
B. സക്കൂമിന്റെ ശിഖിരങ്ങൾ
C. സക്കൂമിന്റെ പഴക്കുല
D. ഒട്ടകത്തിന്റെ പൂഞ്ഞ്

61. സൂറത്തു സ്വഫാത്തിലെ ആയത്തുകൾ എത്ര ?

A. 179
B. 180
C. 182
D. 183

62. പ്രവാചകന്മാരെ കുറിച്ച് പരാമർശിച്ചതിലെ ശരിയേത് ?

A. എല്ലാ സമുദായത്തിലും താക്കീതുകാരൻ വന്നിട്ടുണ്ട്
B. എല്ലാ നബിമാരുടെ പേര് ഖുർആനിൽ എടുത്ത് പറഞ്ഞിട്ടുണ്ട്
C. എല്ലാ മതാചാര്യന്മാരും പ്രവാചകന്മാർ തന്നെയാണ്
D. എല്ലാ പ്രവാചകന്മാരും ഗ്രന്ഥങ്ങൾ നല്കപ്പെട്ടവരാണ്

63. "ആക്ഷേപ വിധേയൻ" എന്ന് ഖുർആൻ വിശേഷിപ്പിച്ച പ്രവാചകൻ ആര്?

A. യൂനുസ് (അ)
B. മൂസാ (അ)
C. ഹാറൂൻ(അ)
D. ലൂഥ് ((അ)

64. വേദ ഗ്രന്ഥം അല്ലാഹു അവകാശപ്പെടുത്തിക്കൊടുത്ത വിഭാഗങ്ങളായി എണ്ണിപ്പറഞ്ഞത് എത്ര ?

A. 3
B. 4
C. 5
D. 6

65. ശാമിലേക്ക് ഹിജ്റ പോയ പ്രവാചകൻ ആര് ?

A. മുഹമ്മദ് നബി (സ)
B. ഈസ നബി (അ)
C. ഇസ്മാഈൽ നബി (അ)
D. ഇബ്രാഹിം നബി (അ)

ലേൺ ദി ഖുർആൻ അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷ - 2025 "ഉത്തരസൂചിക" (Answer Key) പ്രസിദ്ധീകരിക്കുന്നു.

"Answer Key" സംബന്ധിച്ചുള്ള സംശയങ്ങൾക്ക് LTQ HelpLine മൊബൈൽ നമ്പറുകളിൽ 3/12/2025 ബുധൻ, 7:00 PM (KSA), 9:30 PM (IST) വരെ ബന്ധപ്പെടാവുന്നതാണ്.

💭 For Enquiry:

🧶 +966536291683

🧶 +919567649624

🧶 +966550524242

LTQ HelpLine Numbers 👆

നിശ്ചിത തീയതിക്ക് ( 3/12/2025 ബുധൻ) ശേഷമുള്ള തിരുത്തലുകൾ, പരാതികൾ പരിഗണിക്കുന്നതല്ല.